അംബേദ്കർ പഠന ഗവേഷണ കേന്ദ്രം

118 [1463] ശ്രീ. പിരപ്പൻകോട് മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മണ്ണന്തലയിൽ ഡോ. അംബേദ്കറുടെ നാമധേയത്തിൽ ഒരു ബഹുമുഖ പഠന ഗവേഷണ സാംസ്കാരിക കേന്ദ്രം തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണന്തലയിൽ 10 ഏക്കർ സ്ഥലം മേൽ ആവശ്യത്തിനായി ലഭ്യമായിട്ടുണ്ട്. അവിടെ ഒരു കെട്ടിട സമുച്ചയം അംബേദ്കർ ഭവനു വേണ്ടി നിർമ്മിക്കുന്നതാണ്. പ്രസ്തുത കെട്ടിടത്തിൽ മ്യൂസിയം, ആർട്ട് ഗ്യാലറി, കോൺഫറൻസ് ഹാളുകൾ, ലൈബ്രറികൾ, തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കും. നിർദ്ദിഷ്ട അംബേദ്കർ ഭവൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനായി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

സാംസ്കാരിക സ്ഥാപനങ്ങളിലെ മേലധികാരികളുടെ യാത്രാക്കൂലി

119 [1464] ഡോ. തോമസ് ഐസക്ക്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങളിലെ ചെയർമാൻമാരും സെക്രട്ടറിമാരും 2001-02 മുതൽ 2004-05 വരെയുള്ള ഓരോ സാമ്പത്തിക വർഷവും എന്ത് തുക യാത്രാക്കൂലി ഇനത്തിൽ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ടി കാലയളവിൽ ആരൊക്കെ ഏതൊക്കെ വിദേശ രാജ്യങ്ങൾ സന്ദർശിച്ചുവെന്നും അതിനായി എന്ത് തുക സർക്കാരിന് ചെലവഴിക്കേണ്ടിവന്നുവെന്നും വിശദീകരിക്കുമോ;

(സി) ഈ കാലയളവിൽ ആരൊക്കെ ഏതൊക്കെ അന്യസംസ്ഥാനങ്ങളിലേക്ക് യാത്രചെയ്തുവെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† ബാക്കിയുള്ള സ്ഥാപനങ്ങളിലെ കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കലാമണ്ഡലം മുൻ സെക്രട്ടറി ഡോ. കൽപ്പറ ബാലകൃഷ്ണൻ ദുബായ്, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയും സെക്രട്ടറി ബാലചന്ദ്രൻ വടക്കേടത്ത് മസ്കറ്റ് സന്ദർശിക്കുകയും ചെയ്തു, ഇതിനായി സർക്കാർ പണം ചെലവഴിച്ചിട്ടില്ല. ബാക്കിയുള്ളവ ശേഖരിച്ചു നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly